മി. സ്പീക്കർ: അത് എന്തുകൊണ്ട് ഒക്കാതെവന്നു എന്നതാണ് ഞാൻ പറഞ്ഞത്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: പ്രമേയം രണ്ടെണ്ണം വച്ചിട്ട് എല്ലാകൂടി കഴിഞ്ഞ ഒരു ചർച്ച എന്നുള്ളതു മതിയോ? അതിനുള്ള സമയംകൂടി കാണണം.

മി. സ്പീക്കർ: അത് പോരാ, നമുക്ക് ചർച്ച ചെയ്യാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കാര്യോപദേശ സമിതിയുടെ തീരുമാനത്തിന് വിരുദ്ധമായിട്ട് ഒരു ബുള്ളറ്റിൻ ഇറക്കാൻ പാടുണ്ടോ? അങ്ങനെ ചെയ്യണമെന്നുണ്ടെങ്കിൽ ബഹുമാനപ്പെട്ട സ്പീക്കർ റൂൾ വേവ് ചെയ്യണ്ടേ?

മി. സ്പീക്കർ: നോ, നോ. വിരുദ്ധമായിട്ടല്ല അഡീഷനാണ് ഉള്ളത്.

ശ്രീ. കെ. പി. രാജേന്ദ്രൻ: ഇത് വിരുദ്ധമാണ്.

V. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

റിപ്പോർട്ട് പരിഗണന

(1) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിനാലാമത് റിപ്പോർട്ട്

ശ്രീ. എ. സുജനപാൽ: അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിനാലാമത് റിപ്പോർട്ട് പരിഗണിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. വേണുഗോപാൽ: പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(1) 2003-ലെ ആലപ്പുഴ തീരദേശ വികസന അതോറിറ്റി ബിൽ

(ശ്രീ. കെ. സി. വേണുഗോപാൽ നോട്ടീസ് നൽകിയത്)

ശ്രീ. കെ. സി. വേണുഗോപാൽ: 2003-ലെ ആലപ്പുഴ തീരദേശ വികസന അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ജെ. ജോയി: പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ഇൻഫർമേഷനും പാർലിമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ആലപ്പുഴ ജില്ലയിലെ തീരദേശവാസികളായ ജനങ്ങളുടെ സമഗ്രമായ പുരോഗതിയെ ലാക്കാക്കി ആലപ്പുഴ തീരദേശ വികസന അതോറിറ്റി രൂപീകരിക്കണമെന്നുള്ള ലക്ഷ്യത്തോടുകൂടിയാണ് ഇങ്ങനെ ഒരു ബില്ലിന് അവതരണാനുമതി തേടുന്നത്. ആശയത്തോടുള്ള എതിർപ്പുകൊണ്ടല്ല ഇതിനെ ഗവൺമെന്റ് എതിർക്കുന്നത്. മറിച്ച് സംസ്ഥാനത്തെ തീരപ്രദേശത്തെ സമഗ്രവികസനം ലക്ഷ്യമാക്കി ഈ ഗവൺമെന്റ് പല നടപടികളും സ്വീകരിക്കുന്നുണ്ട്. ഉദാഹരണത്തിന് 2001-2002-ലെ പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് സംസ്ഥാനത്തിലെ തീരപ്രദേശത്തെ സമഗ്ര വികസനം ലക്ഷ്യമാക്കി ഒരു തീരദേശ വികസന അതോറിറ്റി

LIBRARY ARCHIVES Kerala Legislative Assembly

രൂപീകരിക്കുമെന്ന് ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഈ ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്. അതിന്റെ ഭാഗമായി ജലസേചന വകുപ്പ് സെക്രട്ടറിയെ ഇതിനെക്കുറിച്ച് പഠിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ ചുമതലപ്പെടുത്തിയിരുന്നു. അദ്ദേഹം റിപ്പോർട്ട് ഗവൺമെന്റിന് നൽകിയിട്ടുണ്ട്. എന്നാൽ ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരദേശ വികസന അതോറിറ്റിയും മലയോര വികസന അതോറിറ്റിയും ഗവൺമെന്റിന്റെ പരിഗണനയ്ക്ക് വന്ന അവസരത്തിലാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ അവരുടെ അധികാരം കവർന്നെടുക്കുമോ എന്ന് സംശയങ്ങൾ പ്രകടിപ്പിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ഒരു നയപരമായ തീരുമാനം ഗവൺമെന്റ് എടുക്കേണ്ടതായിട്ടുണ്ട്. തീരദേശ പ്രദേശത്തെ സമഗ്ര വികസനം എന്നുള്ള പൊതുവായ ലക്ഷ്യം മുൻനിർത്തി ഒരു അതോറിറ്റി വരുന്ന സാഹചര്യത്തിൽ ആലപ്പുഴ തീരദേശ വികസനംകൂടി ആ അതോറിറ്റിയുടെ പരിധിയിൽ വരുന്നതിനാൽ ഇങ്ങനെയൊരു പ്രത്യേക വികസന അതോറിറ്റി രൂപീകരിക്കുന്നതിനോട് ഗവൺമെന്റിന് യോജിപ്പ് ഇല്ലാത്തതുകൊണ്ടാണ് ഈ ബില്ലിനെ എതിർക്കുന്നത്. എന്നാൽ ബഹുമാനപ്പെട്ട മെമ്പർ ആലപ്പുഴ ജില്ലയിലെ മലിനീകരണവും മറ്റ് പ്രശ്നങ്ങളും ഉദ്ദേശിച്ച് സദുദ്ദേശത്തോടുകൂടിയാണ് ഈ ബില്ലിന് നോട്ടീസ് നൽകിയിട്ടുള്ളത്. ആ കാര്യങ്ങൾ ഗവൺമെന്റ് പ്രത്യേകമായി കൈകാര്യം ചെയ്യുന്നതാണ്. ആലപ്പുഴയ്ക്ക് മാത്രമായി ഒരു തീരദേശ വികസന അതോറിറ്റിക്ക് പ്രസക്തിയില്ലാത്തതിനാലാണ് ഈ ബില്ലിനെ എതിർക്കുന്നത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. കെ. സി. വേണുഗോപാൽ: സർ, ബഹുമാനപ്പെട്ട മന്ത്രി ബില്ലിന്റെ സ്പിരിറ്റിനെ ഉൾക്കൊണ്ടുകൊണ്ട് ബില്ലിനെ എതിർത്തിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഈ പേരു മാത്രം നോക്കിയിട്ടാണെന്ന് തോന്നുന്നു. ആദ്യത്തെ മറുപടിയിൽ തീരദേശ പ്രദേശത്തിന്റെ പൊതുവായ വികസനത്തിനുവേണ്ടി ഗവൺമെന്റ് ഒരു അതോറിറ്റി ഉണ്ടാക്കാൻ പോകുന്നുണ്ട്, അതിന്റെ ഭാഗമായിട്ടാണ് ഇത് വരുന്നത് എന്ന് സൂചിപ്പിച്ചത്. എന്റെ ബില്ലിന്റെ ഉള്ളടക്കം അതല്ല കേരളത്തെ സംബന്ധിച്ചിടത്തോളം ഞാൻ ഉൾക്കൊള്ളുന്ന ആലപ്പുഴ മണ്ഡലത്തിന്റെ അവസ്ഥ എന്തായിരുന്നുവെന്ന് ഈ സഭയിൽ ഞാൻ പറയേണ്ടതില്ല. കേരളത്തിലെ ഏറ്റവും വലിയ വാണിജ്യ കേന്ദ്രം 'കിഴക്കിന്റെ വെനീസ്' എന്ന് വിളിച്ചിരുന്ന ഒരു കൊച്ചു പട്ടണമാണ് ആലപ്പുഴ. ഇന്ന് ആ കഥ പറഞ്ഞുപോയാൽ വെനീസുകാർ നമ്മളെ കളിയാക്കി ചിരിക്കും. 'കിഴക്കിന്റെ വെനീസ്' എന്നു പറയുന്ന ആ ഒരു അവസ്ഥയ്ക്ക് യോജിക്കാത്ത രീതിയിൽ വളരെയേറെ പ്രയാസങ്ങൾ അതിജീവിച്ചാണ് ആലപ്പുഴ നഗരം മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്. നമുക്കറിയാം ചേരസാമ്രാജ്യത്തിന്റെ ഭരണകാലഘട്ടത്തിൽത്തന്നെ ഈ ആലപ്പുഴയെക്കുറിച്ച് പറയുന്നുണ്ട്. "ഉണ്ണുനീലി സന്ദേശ"ത്തിൽ ആലപ്പുഴ നഗരത്തെക്കുറിച്ച് പറയുന്നുണ്ട്. നമ്മുടെ മൂന്നു നാലും നൂറ്റാണ്ടുകളിലെ സഞ്ചാരികളെല്ലാം സഞ്ചാരക്കുറിപ്പ് എഴുതുമ്പോൾ 'ആലപ്പുഴ' എന്ന് പറയുന്ന പട്ടണത്തിന്റെ മനോഹാരിതയെക്കുറിച്ച് പറയുന്നുണ്ട്. നമ്മുടെ രാജാ കേശവദാസനും വേലുത്തമ്പിദളവയും തിരുവിതാംകൂറിന്റെ ഭരണാധികാരികളായിരുന്ന കാലഘട്ടത്തിലാണ് ഈ നഗരത്തിന്റെ പ്രാധാന്യം വർദ്ധിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

രാജാ കേശവദാസൻ വിഭാവന ചെയ്ത ഒരു തുറമുഖനഗരം എന്നു പറയുന്ന, രണ്ടുഭാഗത്തും ഹൃദയഭാഗത്തുകൂടി ഓടുന്ന വാടൈ കനാലും കൊമേർഷ്യൽ കനാലും കിഴക്കു ഭാഗത്ത് വേമ്പനാട്ടു കായൽ, പടിഞ്ഞാറു ഭാഗത്ത് അറബിക്കടൽ ആ കായലിനേയും കടലിനേയും ബന്ധിപ്പിക്കുന്ന കനാലുകൾ എന്നിവകൊണ്ട് പ്രകൃതി അതിന്റെ എല്ലാ സൗന്ദര്യങ്ങളും കനിഞ്ഞ് നൽകിയിരിക്കുന്ന ആ പട്ടണം ഇന്ന് ശാപത്തിന്റെ മേഖലയായി മാറിക്കഴിഞ്ഞിരിക്കുന്നു. ജപ്പാൻജ്വരവും ഡങ്കിപ്പനിയും എലിപ്പനിയും കോളറയും സാംക്രമികരോഗങ്ങളും എല്ലാം ആദ്യം വിസിറ്റ് ചെയ്യുന്ന ഒരു പ്രദേശമായി ആലപ്പുഴ മാറിക്കഴിഞ്ഞിരിക്കുന്നു. അതിന്റെ പ്രധാനപ്പെട്ട അവസ്ഥ എന്താണ്? കേരളത്തിലെ ടൂറിസം വികസന രംഗത്ത് ഏറ്റവും വലിയ സംഭാവന ചെയ്യാവുന്ന ഒരു പ്രദേശം, ടൂറിസം വികസനത്തെക്കുറിച്ച് നമ്മൾ വായ്തോരാതെ പ്രസംഗിക്കുന്നുണ്ട്. എനിക്ക് ഓർമ്മയുണ്ട്. ബഹുമാനപ്പെട്ട ശ്രീമതി കെ. ആർ. ഗൗരിയമ്മ ഒരു കാലഘട്ടത്തിൽ ആലപ്പുഴയെ രക്ഷപ്പെടുത്താൻവേണ്ടി, ആലപ്പുഴ വികസനത്തിനുവേണ്ടി കക്ഷിരാഷ്ട്രീയത്തിനതീതമായി ഒരു കൂട്ടായ്മയുണ്ടാക്കി. അതിന്റെ പേരിലാണ് ശ്രീമതി കെ. ആർ. ഗൗരിയമ്മയെ മാർക്സിറ്റു പാർട്ടിയിൽ നിന്ന് പുറത്താക്കേണ്ട സാഹചര്യം ഉണ്ടായതെന്ന് ഈ നാട്ടിലെ എല്ലാവർക്കുമറിയാം. എന്തായിരുന്നു ശ്രീമതി കെ. ആർ. ഗൗരിയമ്മ ചെയ്തത്? ആലപ്പുഴയുടെ വികസനത്തിനുവേണ്ടി ആ നഗരത്തിന്റെ ശോച്യാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാൻവേണ്ടി കക്ഷി രാഷ്ട്രീയത്തിനതീതമായി ഒരു കൂട്ടായ്മയുണ്ടാക്കിയെന്ന് പറഞ്ഞ് അതിന്റെപേരിൽ കോൺഗ്രസ്സുകാരുമായി കൂട്ടുകൂടിയെന്ന് പറഞ്ഞ്, അന്നത്തെ മുഖ്യമന്ത്രിയുമായി സംസാരിച്ചു എന്ന് പറഞ്ഞ് ഇല്ലാത്ത ആരോപണം ഉണ്ടാക്കി മാറ്റി. ഞാൻ രാഷ്ട്രീയം പറയാനല്ല ഉദ്ദേശിക്കുന്നത്. പക്ഷേ ശ്രീമതി കെ. ആർ. ഗൗരിയമ്മ എടുത്ത സ്പിരിറ്റിനെ ഞാൻ ഉൾക്കൊള്ളുകയാണ്. ഒരു വികസന പ്രവർത്തനവും കാണാത്തരീതിയിൽ ഈ കനാലുകൾ മുഴുവനും മാലിന്യങ്ങൾകൊണ്ട് പൂർണ്ണമായിരിക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ: ആലപ്പുഴ മണ്ഡലത്തിലെ സമഗ്രമായ വികസനത്തെക്കുറിച്ച് ശ്രീ. കെ.സി. വേണുഗോപാൽ ഈ ബില്ലിൽ മാത്രമല്ല ഇതിനു മുൻപും ഇവിടെ പലതവണ ഉന്നയിച്ചിട്ടുണ്ട്. സഖാവ് ടി. വി. തോമസ് ആലപ്പുഴയുടെ മുനിസിപ്പൽ ചെയർമാനും ആലപ്പുഴയിൽ നിന്നും ജനപ്രതിനിധിയായി നിയമസഭയിൽ മന്ത്രിയായും ഒക്കെ പ്രവർത്തിച്ച കാലഘട്ടത്തിൽ ദീർഘവീക്ഷണത്തോടുകൂടി ആലപ്പുഴയിലെ സമഗ്ര വികസനത്തിനുവേണ്ടി ചില പദ്ധതികൾ മുനിസിപ്പൽ ചെയർമാൻ എന്ന നിലയിലും മന്ത്രി എന്ന നിലയിലും ജനപ്രതിനിധി എന്ന നിലയിലും ആലപ്പുഴയിലെ ഉയർന്ന രാഷ്ട്രീയ നേതാവ് എന്ന നിലയിലും മുന്നോട്ടു വച്ചിട്ടുള്ളത് ശ്രീ. കെ. സി. വേണുഗോപാൽ പരിശോധിച്ചിട്ടുണ്ടോ? പഠിച്ചിട്ടുണ്ടോ? അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം ഒന്ന് വിശദീകരിച്ചാൽ നന്നായിരിക്കും.

ശ്രീ. കെ. സി. വേണുഗോപാൽ: തീർച്ചയായും ടി. വി. തോമസിന്റെ സേവനങ്ങൾ ആലപ്പുഴക്കാർക്ക് എന്നും ഓർമ്മിക്കാവുന്നതാണ്. ആലപ്പുഴയിലെ നല്ല ജനപ്രതിനിധി എന്ന നിലയിൽ വ്യവസായ സംരംഭകർക്ക് എല്ലാ കാര്യങ്ങളിലും തുടക്കംകുറിച്ച ഒരാൾ എന്ന നിലയിൽ ടി. വി. തോമസിനെ വളരെ ബഹുമാനത്തോടുകൂടി കാണുകയാണ്. പക്ഷേ ആ സ്പിരിറ്റ് കമ്മ്യൂണിസ്റ്റുകാർ പിന്നീട് ഉൾക്കൊണ്ടില്ല എന്നുള്ള ആക്ഷേപം അവിടത്തെ ജനങ്ങൾക്കുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. തോമസ്: ശ്രീമതി കെ. ആർ ഗൗരിയമ്മയോട് സി.പി.എം. കാണിച്ച കൊടിയ പാതകത്തെ സംബന്ധിച്ച് അങ്ങ് ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായല്ലോ. 'കേരം തിങ്ങും കേരള നാട്ടിൽ കെ. ആർ. ഗൗരി ഭരിക്കട്ടെ' എന്ന മുദ്രാവാക്യം വിളിച്ച് വോട്ടുവാങ്ങി. ആ സമയത്ത് ശ്രീമതി കെ. ആർ. ഗൗരിയമ്മ വലിയ ചുടുകാട്ടിലൊക്കെ പോയി റീത്തൊക്കെ സമർപ്പിച്ച് മുഖ്യമന്ത്രിയാകാൻവേണ്ടി ഇങ്ങോട്ട് വന്നപ്പോൾ ബഹുമാനപ്പെട്ട നായനാർ മുഖ്യമന്ത്രി സ്ഥാനത്ത് സത്യപ്രതിജ്ഞയും കഴിഞ്ഞ് പൊടിയും തട്ടിപ്പോയത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടില്ലേ?

ശ്രീ. കെ. സി. വേണുഗോപാൽ: മാർക്സിസ്റ്റു പാർട്ടിയുടെ ആറ്റിറ്റ്യൂഡ് എന്തായാലും ശ്രീമതി കെ. ആർ. ഗൗരിയമ്മ അത്തരത്തിൽ മുഖ്യമന്ത്രിപദം ആഗ്രഹിച്ചുകൊണ്ട് പോയ ആളല്ല.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: എന്തായാലും ഇവിടെ എന്റെ പേരിൽ പ്രമേയം ചർച്ച ചെയ്യണ്ട. 1980-ൽ ആലപ്പുഴ, കുട്ടനാട് ഉൾപ്പടെ പ്രദേശത്ത് 210 കോടി രൂപയ്ക്ക് ടൂറിസം ഡെവലപ് ചെയ്യുന്നതിനുവേണ്ടിയിട്ടുള്ള ഒരു സ്കീം അനുസരിച്ച് ശ്രീ. കുര്യനെക്കൊണ്ട് ഒരു പ്രോജക്ട് ഉണ്ടാക്കി കേന്ദ്രത്തിലേക്ക് അയച്ചു. അത് കഴിഞ്ഞ് ആ ഗവൺമെന്റ് പോയി, ഇന്നുവരെ അത് വീണ്ടെടുത്തിട്ടില്ല എന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. കെ. സി. വേണുഗോപാൽ: വാഗമൺ ടൂറിസം വികസനത്തെക്കുറിച്ച് നമ്മൾ ഒരു പാട് ചർച്ച ചെയ്തു. ഞാൻ നേരത്തെ പറഞ്ഞതുപോലെ കടലും കായലും കനാലുകളും ഉള്ള ഇത്രത്തോളം പ്രകൃതിരമണീയമായ ഒരു പ്രദേശം.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇത്ര ബുദ്ധിമുട്ടി കൂടുതൽ സമയമെടുത്ത് ഈ ബിൽ അവതരിപ്പിക്കേണ്ട വല്ലകാര്യവുമുണ്ടോ ആലപ്പുഴക്കാരനായ മുഖ്യമന്ത്രി, പ്രധാനമായിട്ടും ശ്രീമതി കെ. ആർ. ഗൗരിയമ്മ ഈ രണ്ട് ആളും ആലപ്പുഴയിൽ ഉള്ളപ്പോൾ ഈ ബിൽ എന്തിനാണ്? അവരോട് പറഞ്ഞാൽ പോരേ? ശ്രീ. എം. എം. ഹസ്സനെ നിങ്ങൾ ഇപ്പോൾ ദത്തെടുത്തിരിക്കുകയാണ്. ആലപ്പുഴയിലേക്ക് ദത്തെടുത്ത ഒരു മന്ത്രിയാണ്, ശ്രീ. എം. എം. ഹസ്സൻ. ഈ മൂന്നാളും ഉണ്ടാകുമ്പോൾ എന്തിനാണ് ഇങ്ങനെ സമയം കളയുന്നത്? അവരോട് പറഞ്ഞാൽ പോരേ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ഇത് മോശമുള്ള പദമാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇത് പറയരുതാത്തതാണ്. ശ്രീ. എ. കെ. ആന്റണിയും ഞാനും മാത്രമല്ല, രണ്ടു പ്രാവശ്യം അവിടെ റപ്രസന്റ് ചെയ്തയാളാണ് ശ്രീ. വേണുഗോപാൽ, അദ്ദേഹത്തിന്റെ വികാരം പറയുകയാണ്. അത് ഇവിടെ പറയണ്ടേ? പറയണം. പറയട്ടെ.

ശ്രീ. ടി. എൻ. പ്രതാപൻ: മുഖ്യമന്ത്രിയും, ശ്രീമതി കെ. ആർ. ഗൗരിയമ്മയും ശ്രീ. എം. എം. ഹസ്സനും മാത്രമല്ല, ബഹുമാന്യനായ പ്രതിപക്ഷ നേതാവും ആലപ്പുഴക്കാരനാണ്. അതുമാത്രമല്ല, നമ്മുടെ ബഹുമാനപ്പെട്ട സ്പീക്കർ ആലപ്പുഴയിൽ നിന്ന് പ്രതിനിധിയായി വന്നിട്ടുള്ള ആളാണ്. പാർലിമെന്റിലും നിയമസഭയ്ക്കകത്തുമൊക്കെ ഏറ്റവുമധികം പ്രവർത്തിച്ച ശ്രീ. വി. എം. സുധീരൻ ഉൾപ്പെടെയുള്ള ആളുകൾക്ക് ആലപ്പുഴയിലെ വികസനത്തിൽ ഒരു പ്രധാന പങ്കുണ്ട്. അതുകൊണ്ട് ആലപ്പുഴയുടെ കാര്യത്തിൽ ഈ നിയമസഭയ്ക്ക് ഒരു പൊതുവായ സ്പിരിറ്റുണ്ട് എന്ന കാര്യം അങ്ങേയ്ക്ക് അറിഞ്ഞുകൂടേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. വേണുഗോപാൽ: ഞാൻ ഈ പറഞ്ഞത് ആലപ്പുഴയുടെ മാത്രം പ്രശ്നമല്ല. കേരളത്തിന്റെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യുമ്പോൾ മൈനസ് ആലപ്പുഴ ടൂറിസം എന്ന് പറയുന്നത് വളരെ മോശമായിരിക്കും. ഓഗസ്റ്റ് 9-ാം തീയതി അന്താരാഷ്ട്ര നെഹ്റുട്രോഫി വള്ളംകളി നടക്കുകയാണ്. ഞാൻ ഈ നിയമസഭയിലെ എന്റെ സഹപ്രവർത്തകരെയൊക്കെ ഓഗസ്റ്റ് 9-ന് ആലപ്പുഴയിലേക്ക് വിളിക്കുകയാണ്. ഈ പ്രാവശ്യം ബി. ബി. സി. അടക്കമുള്ള ലോകത്തിലെ വാർത്താ മാധ്യമങ്ങൾ മുഴുവനും ഇത് കാണാൻ ആലപ്പുഴയിൽ വരുകയാണ്. അത് ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിക്ക് അറിയാം. ഏതായാലും ഇത് ലോകം മുഴുവൻ ശ്രദ്ധിക്കുന്നതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഞാൻ അപ്പുറത്തിരുന്നുകൊണ്ട് പല പ്രാവശ്യം സബ്മിഷൻ അവതരിപ്പിച്ചു, പ്രക്ഷോഭം നടത്തി. ഈ ആലപ്പുഴ നഗരത്തിന്റെ വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള കർമ്മ പരിപാടികൾ ഉണ്ടാകണം. ഇവിടെ തലസ്ഥാന നഗരത്തിനുവേണ്ടി പദ്ധതികൾ ഉണ്ട്. ഇവിടെ മറ്റു പ്രദേശങ്ങൾക്കുവേണ്ടി പദ്ധതികൾ ഉണ്ട്. ഞാൻ അതിനെയൊന്നും എതിർക്കുന്നില്ല. പക്ഷേ ഇത്രയും പ്രകൃതിരമണീയമായ ഒരു പ്രദേശം, ഒരു ജില്ല ഉണ്ടായിട്ട്, മുഖ്യമന്ത്രിയുണ്ട്, പ്രതിപക്ഷ നേതാവുണ്ട്, മറ്റ് മന്ത്രിമാർ ഉണ്ട്, ഞങ്ങളെല്ലാവരും ഉണ്ട്. പക്ഷേ ആലപ്പുഴയ്ക്കുവേണ്ടി ഒരു പദ്ധതിയുമില്ല. കഴിഞ്ഞ പ്രാവശ്യം അഞ്ചുവർഷവും ഞാൻ പറഞ്ഞു, ദീനരോദനങ്ങളായിരുന്നു. ആരും കേൾക്കാൻ ഉണ്ടായിട്ടില്ല. ഈ പ്രാവശ്യവും പറഞ്ഞു, ഗവൺമെന്റ് വന്നപ്പോൾ മുതൽ പറഞ്ഞു. ഞാൻ ആ കാര്യത്തിൽ പൂർണ്ണ സംതൃപ്തനല്ല, ഞാൻ തുറന്നുപറയാൻ ആഗ്രഹിക്കുകയാണ്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഒരു മാസം മുമ്പ് ഒരു കത്ത് കൊടുത്തിട്ടുണ്ട്, ഈ ആലപ്പുഴ നഗരത്തിന്റെ കനാൽ നവീകരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പിലാക്കാൻ തയ്യാറാകുന്നില്ല എങ്കിൽ ഞാൻ അനിശ്ചിതകാല നിരാഹാരം മരണംവരെ ആലപ്പുഴയിൽ കിടക്കും. ഒരു സംശയവും വേണ്ട. ഈ സഭയിൽ ഇരുന്നുകൊണ്ടാണ് പറയുന്നത്. ആലപ്പുഴ കനാലുകൾ നന്നാക്കുന്ന കാര്യത്തിൽ ഒരു ഇച്ഛാശക്തി ഗവൺമെന്റ് കാണിക്കുന്നില്ല എങ്കിൽ ഈ നിയമസഭയിൽ ഇരുന്നുകൊണ്ട് ഞാൻ പറയാൻ ആഗ്രഹിക്കുന്നു, ഉത്തരവാദിത്തബോധത്തോടെയാണ് പറയുന്നത് നിയമസഭാ സമ്മേളനം കഴിഞ്ഞാൽ ഉടനെ ഞാൻ അനിശ്ചിതകാല നിരാഹാരം ആരംഭിക്കും. അവിടത്തെ ജനങ്ങളെ ഇനി പറ്റിക്കാൻ പറ്റില്ല. ഒരുപാട് കാലമായി ഭരണപക്ഷവും പ്രതിപക്ഷവും ഇരുന്നുകൊണ്ട് ആലപ്പുഴയിലെ ജനങ്ങളെ പറ്റിച്ചുകൊണ്ടിരിക്കുകയാണ്. ഒരു നഗരം ഇത്രയേറെ സാദ്ധ്യതകളുള്ള നഗരം, ആ സാദ്ധ്യതയുള്ള നഗരത്തെ തകർക്കുന്ന രീതിയാണ്. നമ്മുടെ നിയമസഭയിൽ അതിന് പ്രയോറിറ്റി ഇല്ല. പ്ലാനിംഗ് ബോർഡിനും പ്രയോറിറ്റി ഇല്ല. ഗവൺമെന്റിനും പ്രയോറിറ്റി ഇല്ല. അതുകൊണ്ട് ഈ കാര്യത്തിൽ ഒരു തീരുമാനം ഉണ്ടാകണമെന്ന് ശക്തമായിട്ട് പറയാനാഗ്രഹിക്കുകയാണ്. ഇക്കാര്യത്തിൽ നടപടി ഉണ്ടാകണം.

Mr. Deputy Speaker: You can continue next day.

ഇൻഫർമേഷനും പാർലിമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ബഹുമാനപ്പെട്ട ഒരു മെമ്പർ ഈ സഭയിൽ തന്നെ ആലപ്പുഴയുടെ വികസനം സാദ്ധ്യമാകുന്നില്ല എങ്കിൽ സഭകഴിഞ്ഞാൽ മരണംവരെ നിരാഹാരം അനുഷ്ഠിക്കും എന്ന് പറഞ്ഞ സ്ഥിതിക്ക് അതിന് ഒരു മറുപടി പറയാൻ അങ്ങ് എന്നെ അനുവദിക്കണം. അദ്ദേഹം ഈ ബിൽ കൊണ്ടുവന്നത് ആലപ്പുഴയിലെ കനാലുകൾ സൃഷ്ടിക്കുന്ന മാലിന്യം, ആലപ്പുഴയുടെ മറ്റ് ആരോഗ്യപ്രശ്നങ്ങൾ, തീരദേശത്തെ മത്സ്യത്തൊഴിലാളികൾ

LIBRARY ARCHIVES Kerala Legislative Assembly

അടക്കമുള്ളവരുടെ ബുദ്ധിമുട്ടുകൾ ഒക്കെ പരിഹരിക്കാനാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട കെ. ആർ. ഗൗരിയമ്മ പഴയ ഒരു പ്രോജക്ടിനെക്കുറിച്ച് പറഞ്ഞു. ശ്രീ. കെ. സി. വേണുഗോപാൽ ഉന്നയിച്ച പ്രശ്നത്തിന് അങ്ങേയറ്റത്തെ താൽപ്പര്യം ഗവൺമെന്റിനുണ്ട്. മുഖ്യമന്ത്രി ആലപ്പുഴ ജില്ലയിൽപ്പെട്ട ആളാണ്, ശ്രീമതി കെ. ആർ. ഗൗരിയമ്മ ആലപ്പുഴ ജില്ലക്കാരിയാണ്. ഞാനും ഇപ്പോൾ ആലപ്പുഴ ജില്ലയിലെ ജനപ്രതിനിധിയാണ്. ഞങ്ങൾക്കെല്ലാം ഇക്കാര്യത്തിൽ താൽപ്പര്യമുണ്ട്. മെമ്പർ പറഞ്ഞതുകൊണ്ട് അദ്ദേഹത്തിന്റെ അറിവിന് പറയുകയാണ്. ഇന്നലെ ടൂറിസം മന്ത്രിയും, ജലവിഭവ വകുപ്പുമന്ത്രിയും ഇതുസംബന്ധിച്ച് ഒരു കോൺഫറൻസ് നടത്തി. ആലപ്പുഴയിലെ ഈ പ്രശ്നങ്ങൾ മെമ്പർ ഉന്നയിച്ച ബില്ലിൽ പ്രതിപാദിച്ച കാര്യങ്ങൾ ഉൾപ്പെടെവച്ചുകൊണ്ട് ആലപ്പുഴ നഗരത്തിന്റെ പൊതുവായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു മാസ്റ്റർ പ്ലാൻ ഉണ്ടാക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. ഡൽഹിയിലെ ഒരു ഏജൻസിയെ മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ചുമതലപ്പെടുത്തികഴിഞ്ഞു. ഒക്ടോബർ മാസത്തോടുകൂടി മാസ്റ്റർ പ്ലാൻ തയ്യാറായികിട്ടും. ഈ സഭ കഴിഞ്ഞാൽ ഉടൻതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ആ മാസ്റ്റർപ്ലാൻ നടപ്പിലാക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യാൻ ജനപ്രതിനിധികളുടെ യോഗം വിളിക്കുന്നുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: മിനിസ്റ്റർ, അങ്ങേയ്ക്ക് വിശദീകരണം പിന്നീട് പറയാമല്ലോ.

ശ്രീ. എം.എം. ഹസ്സൻ. : ഈ സഭ പിരിഞ്ഞാൽ ഉടൻ അദ്ദേഹം മരണംവരെ നിരാഹാരം കിടക്കും എന്ന് പറഞ്ഞിരിക്കുകയാണ്, അദ്ദേഹത്തിന്റെ ജീവൻ രക്ഷിക്കേണ്ട ചുമതല ഈ സഭയ്ക്കാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മരണം വരെ നിരാഹാരം പോയിട്ട് ശ്രീ. കെ. സി. വേണുഗോപാൽ ഒരു ദിവസം പോലും നിരാഹാരം കിടക്കില്ല. അക്കാര്യത്തിൽ പേടിക്കേണ്ട.

ശ്രീ. കെ. സി. വേണുഗോപാൽ: ഞാൻ ഏഴ് ദിവസം പയ്യാവൂരിൽ നിരാഹാരം കിടന്നത് അങ്ങേയ്ക്ക് ഓർമ്മയില്ലേ? ഏഴ് ദിവസം കണ്ണൂരിൽ നിരാഹാരം കിടന്നത് ശ്രീ. കോടിയേരി ബാലകൃഷ്ണൻ മറന്നുപോയോ?

ശ്രീ. എം.എം. ഹസ്സൻ. : ബഹുമാനപ്പെട്ട മെമ്പർ ഈ കാര്യത്തിൽ വേവലാതിപ്പെടണ്ട, അദ്ദേഹത്തിന്റെ ബില്ലിനെക്കുറിച്ചുള്ള ഗവൺമെന്റിന്റെ നിലപാട് ഞാൻ പറഞ്ഞു. ആലപ്പുഴ നഗരത്തിന്റെ വികസനകാര്യത്തിൽ ഗവൺമെന്റ് സമയബന്ധിതമായി നടപടികൾ സ്വീകരിക്കും.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. സി. വേണുഗോപാൽ അങ്ങേയ്ക്ക് അടുത്ത പ്രാവശ്യം തുടരാം ടൈം കഴിഞ്ഞു. You can continue next day. (ചർച്ച തുടരും)

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ അങ്ങയുടെ പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly